തീവണ്ടികളുടെ ബാഹുല്യം കാരണം ഇതൊരു സ്ഥിരം സംവിധാനമാക്കിയിട്ടില്ല. എങ്കിലും യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

മദ്യകള്ളക്കടത്ത് കണ്ടെത്തുന്നതിന് സംവിധാനം

*15 [42] *ശ്രീ. എം. മുരളി:*

,, എം. എം. ഹസ്സൻ:

,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്ന് മത്സ്യം, മലക്കറി എന്നിവ കയറ്റിവരുന്ന ലോറികളിൽ സ്പിരിറ്റും വിദേശമദ്യവും കടത്തുന്നത് വ്യാപകമായിട്ടുണ്ടെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പിരിറ്റ്, മദ്യം കള്ളക്കടത്ത് കണ്ടെത്താൻ അത്യന്താധുനിക സംവിധാനങ്ങൾ അതിർത്തി ചെക്ക്പോസ്റ്റുകളിൽ സ്ഥാപിക്കാനുദ്ദേശമുണ്ടോ;

(സി) സ്പിരിറ്റിന്റേയും മദ്യത്തിന്റേയും കള്ളക്കടത്തുവഴി പ്രതിവർഷം ഗവൺമെന്റിന് എന്തു നഷ്ടമുണ്ടാകുന്നു എന്ന് വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):*

(എ) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നഷ്ടം കണക്കാക്കിയിട്ടില്ല.

കേരള ലോട്ടറി സമ്പൂർണ്ണമായി പുനഃസ്ഥാപിക്കാൻ നടപടി

*16 [43] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:*

ശ്രീ. എം. പ്രകാശൻ മാസ്റ്റർ:

,, എ. കെ. ബാലൻ:

,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോട്ടറി പുനഃസ്ഥാപിച്ചശേഷം കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിൽ ഏതൊക്കെ ലോട്ടറികളാണ് നടത്തി വരുന്നത്;

(ബി) പേപ്പർ ലോട്ടറി സംരക്ഷിക്കുന്നത് സംബന്ധിച്ച് കേന്ദ്രവുമായി ഏതെങ്കിലും തരത്തിലുള്ള ആശയവിനിമയം സർക്കാർ നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly